2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

എൽ.എൻ.ജി. പദ്ധതി

4 (*184) ശ്രീ. തോമസ് ചാണ്ടി :

ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനമായ ഗെയിൽ ഇന്ത്യയുടെ എൽ.എൻ.ജി. പദ്ധതിക്കുവേണ്ടി ശേഖരിച്ച 1300 കോടി രൂപയുടെ പൈപ്പുകൾ കമ്പനി മറ്റു സംസ്ഥാനങ്ങളിലേക്കു മാറ്റാൻ ശ്രമിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുകാരണം എൽ.എൻ.ജി. പദ്ധതി നടപ്പിലാക്കുന്നതിൽ കേരളത്തിനുള്ള മുൻഗണന നഷ്ടപ്പെടുന്നതു തടയാൻ എന്തൊക്കെ ചെയ്യാനുദ്ദേശിക്കുന്നെന്ന് വെളിപ്പെടുത്താമോ ;

(സി) കേരളം ദേശീയ വാതക ശൃംഖലയിൽ നിന്ന് ഒഴിവാക്കപ്പെടുന്ന ഘട്ടം വരാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നു വെളിപ്പെടുത്താമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) എൽ.എൻ.ജി. പദ്ധതി നടപ്പിലാക്കുന്നതിൽ കേരളത്തിനുള്ള മുൻഗണന നഷ്ടപ്പെടാതിരിക്കുവാനും കേരളം ദേശീയ വാതക ശൃംഖലയിൽ നിന്ന് ഒഴിവാക്കപ്പെടുന്ന സാഹചര്യം ഉണ്ടാകാതിരിക്കുവാനും എൽ.എൻ.ജി. പദ്ധതി എത്രയും വേഗം യാഥാർത്ഥ്യമായിത്തീരുവാനും സാദ്ധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. പെട്രോനെറ്റ് എൽ.എൻ.ജി.-യുടെ പുതുവൈപ്പിലെ സംഭരണ ശേഷി പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന് കൊച്ചിയിൽ നിന്നും മംഗലാപുരത്തേക്കും ബാംഗ്ലൂരിലേക്കും നടപ്പാക്കേണ്ട പൈപ്പ് ലൈൻ പദ്ധതി പൂർത്തീകരിക്കേണ്ടതു് അനിവാര്യമാണ്. പ്രാദേശികമായ എതിർപ്പുകൾമൂലം പൈപ്പ് ലൈൻ പദ്ധതി മന്ദഗതിയിലാണ് പുരോഗമിക്കുന്നത്. എന്നാൽ പൈപ്പ് ലൈൻ കടന്നുപോകുന്ന സ്ഥലത്തിന്റെ വിനിയോഗാവകാശം (RoU) മാത്രമേ ഗെയിലിന് നൽകുന്നുള്ളൂ. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട് ആർക്കും ഭൂമി നഷ്ടപ്പെടുന്നില്ല. കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻപദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട സ്ഥലം കേന്ദ്ര സർക്കാരിന്റെ പെട്രോളിയം ആന്റ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മിനറൽ പൈപ്പ് ലൈൻ ആക്ട് അനുസരിച്ച് ഉപയോഗ അവകാശം (RoU) എടുക്കുന്നതിനു വേണ്ടി ഡെപ്യൂട്ടി കളക്ടർ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ സംസ്ഥാന സർക്കാർ ഗെയിൽ ഇന്ത്യക്കുവേണ്ടി നിയമിച്ചിട്ടുണ്ട്. ഇപ്രകാരം എടുക്കുന്ന സ്ഥലത്തിന്റെ നഷ്ടപരിഹാരമായി നിശ്ചയിച്ചിരുന്ന ഇക നൃായ വിലയുടെ 10 ശതമാനമായിരുന്നത് സംസ്ഥാനത്തെ സവിശേഷ സാഹചര്യം പരിഗണിച്ച് 30 ശതമാനമായും പിന്നീട് 50 ശതമാനമായും വർദ്ധിപ്പിച്ച് നൽകാൻ സർക്കാരിന്റെ സമ്മർദ്ദ ഫലമായി ഗെയിൽ തത്വത്തിൽ സമ്മതിച്ചിട്ടുണ്ട്. കേരളത്തിലെ ജനസാന്ദ്രത കണക്കിലെടുത്ത് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള വീതി 20 മീറ്ററിൽ നിന്നും 10 മീറ്ററായി ചുരുക്കുകയും ചെയ്തു. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി ഗെയിൽ ഇന്ത്യ കരാറുകാരെ നിയോഗിച്ച സ്ഥലമേറ്റെടുപ്പ് സംബന്ധിച്ച പ്രതിസന്ധികൾ പരിഹരിക്കുന്നതിന് അതാത് ജില്ലകളിലെ കളക്ടർമാരുടെ യോഗം വിളിച്ചുകൂട്ടുകയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. പൈപ്പ് ലൈൻ കടന്നുപോകുന്ന പ്രദേശങ്ങളിലെ കടുത്ത എതിർപ്പ് പരിഗണിച്ച് പദ്ധതിയുടെ അലൈൻമെന്റ് കനോലി കനാലിലൂടെ മാറ്റി നിശ്ചയിക്കുന്ന വിഷയം പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുവാൻ കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ ജില്ലാതല സമിതിയും, സംസ്ഥാന തലത്തിൽ ഉന്നതാധികാര സമിതിയും സർക്കാർ രൂപീകരിച്ചു വിശദമായ പഠനങ്ങൾക്കൊടുവിൽ കനോലി കനാലിലൂടെയുള്ള പൈപ്പ് ലൈൻ നിർമ്മാണം സാങ്കേതികമായും സാമ്പത്തികമായും പ്രായോഗികമല്ല എന്നായിരുന്നു ഉന്നതാധികാര സമിതിയുടെ കണ്ടെത്തൽ. പൈപ്പ് ലൈൻ പദ്ധതികൊണ്ട് ജനങ്ങൾക്കും സംസ്ഥാനത്തിനും ഉണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം നടത്തുന്നതിനും പദ്ധതിയെക്കുറിച്ച് ജനങ്ങളുടെയിടയിൽ ഉടലെടുത്തിട്ടുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനുംവേണ്ടി ഗെയിൽ, പെട്രോനെറ്റ് അധികൃതരുടെ സാന്നിദ്ധ്യത്തിൽ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പദ്ധതി പ്രദേശങ്ങളിലെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം 28-10-2014-ൽ ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ ചർച്ച ചെയ്ത കാര്യങ്ങൾ ജനപ്രതിനിധികളുടെ ആശങ്ക ഒരു പരിധിവരെ ദൂരീകരിക്കുവാൻ ഉപകരിച്ചിട്ടുണ്ട് എന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളത്. എൽ.എൻ.ജി. പൈപ്പ് ലൈൻ പദ്ധതി കാലവിളംബം കൂടാതെ നടപ്പിലാക്കുന്നതിനും, പദ്ധതിയുടെ പ്രയോജനം സംസ്ഥാനത്തിന് നഷ്ടപ്പെടാതിരിക്കുവാനും Petronet LNG-യുടെ മാനേജിംഗ് ഡയറക്ടറും ചെയർമാനുമായ Dr. A. K. Balyan-നും അതോടൊപ്പം മുൻ പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയും കെ.എസ്.ഐ.ഡി.സി. ചെയർമാനുമായ ശ്രീ. ടി. കെ. എ. നായരും ക്രിയാത്മകമായ ചില നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുകയുണ്ടായി, അവ സർക്കാരിന്റെ പരിഗണനയിലാണ്.